# ഉക്രെയിനിലെ തെരഞ്ഞെടുപ്പു വിജയകരമായി നടത്തിയതിനെ ഇന്ത്യ സ്വാഗതം ചെയ്തു

മെയ് 30, 2014

ഉക്രെയിനിലെ പ്രസിഡണ്ട് തെരഞ്ഞെടുപ്പു വിജയകരമായി നടത്തിയതിനെ ഇന്ത്യ സ്വാഗതം ചെയ്തു . ഗവണ്മെന്റിനെയും ഉക്രെയിനിലെ ജനങ്ങളെയും ഒപ്പം തെരഞ്ഞെടുപ്പിലെ വിജയത്തിന് ശ്രീ പെട്രോ പോറോഷേന്കൊയെയും ഇന്ത്യ അഭിനന്ദിച്ചു.

ജനങ്ങളുടെ ജനാധിപത്യ പ്രകടനത്തിലെ ശക്തിയില് ഇന്ത്യ അടിയുറച്ചു വിശ്വസിക്കുന്നു. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമെന്ന നിലയില് ഈ
അടുത്ത കാലത്ത് വളരെ ആകര്ഷകമായ തെരഞ്ഞെടുപ്പു ഇന്ത്യ കണ്ടു . വളരെ വ്യക്തമായ ജനവിധിയോടെ പുതിയ ഒരു ഗവണ്മെന്റിനെ ജനങ്ങള് തെരഞ്ഞെടുക്കുകയും ചെയ്തു . ഉക്രെയിനിലെ അസന്ദിഗ്ദ്ധമായ ജനവിധി അടുത്തകാലത്തുണ്ടായ ആക്രമണ സംഭവങ്ങളുടെ മുറിവുണക്കുവാന് തീര്ച്ചയായും
സഹായകമാണ് . റിപ്പബ്ലിക് ഓഫ് ഉക്രെയിനിലെ അഞ്ചാമത്തെ പ്രസിഡണ്ട് എന്ന നിലയില് ശ്രീ പൊറോഷെന്കോ സംഘര്ഷങ്ങള്ക്ക് പരിഹാരം കാണുന്നതിനും സമാധാനം , സ്ഥിരത എന്നിവ ഉക്രെയിനിലും മേഖലയിലും പുനസ്ഥാപിക്കുന്നതിനും
ഉക്രെയിനിലെ വിവിധ വിഭാഗങ്ങളിലെ ജനങ്ങളുമായി ചര്ച്ചകള്ക്കു നേതൃത്വം കൊടുക്കും എന്ന് ഇന്ത്യ പ്രതീക്ഷിക്കുന്നു.

ഊഷ്മളതയും സൌഹൃദവും കൊണ്ട് അടിയുറച്ച ഇന്ത്യയും ഉക്രെയിനും തമ്മിലുള്ള
ബന്ധങ്ങള് വര്ഷങ്ങള് കൊണ്ട് ശക്തമായിട്ടുണ്ട്. ഉക്രെയിനുമായുള്ള പങ്കാളിത്തം കൂടുതല് സുഗ്രഹമായ രീതിയില് ശക്തിപ്പെടുത്തുവാനായി ഇന്ത്യ താല്പര്യത്തോടെ പ്രതീക്ഷിക്കുന്നു .

ന്യൂഡെല്ഹി
മെയ് 30,2014